കട്ടതാണെന്ന് ഉറപ്പുള്ള വസ്തുക്കൾ വാങ്ങാൻ വിസമ്മതിക്കുന്ന കുറെ ആളുകൾ, ഭാഗ്യവശാൽ, ഈ രാജ്യത്ത് ഇപ്പോഴും ഉണ്ടല്ലോ. അവരെങ്കിലും, തങ്ങൾ വാങ്ങുന്ന കാസ്സെറ്റുകൾ വ്യാജനിർമിതമല്ലെന്ന് ഉറപ്പുവരുത്തിയാൽ, കള്ളക്കാസ്സെറ്റ് നിർമാണവും വില്പനയും ഒരളവുവരെ തടയാൻ കഴിഞ്ഞേക്കും.

പിന്നീട് എഴുതിച്ചേർത്തത്:

ഈ ലേഖനത്തിൽ ഇത്ര മാത്രമേ ഞാൻ എഴുതിയിരുന്നുള്ളു. ലേഖനം എഴുതി പ്രസ്സിലേക്ക് അയച്ച കുറച്ചുസമയം കഴിഞ്ഞപ്പോൾ കമ്പോസിറ്റർ എന്നെ കാണാൻവന്നു.

'ഉം?' ഞാൻ ചോദിച്ചു.

'ലേഖനത്തിൽ ഒരു സംശയമുണ്ടായിരുന്നു.' കമ്പോസിറ്റർ പറഞ്ഞു.

'എന്താണ് സംശയം?'

'ശരിയായ കാസ്സെറ്റേ വാങ്ങാവൂ എന്ന് സാർ എഴുതിയിരുന്നല്ലോ. ശരിയായ കാസ്സെറ്റ് ഏത്, വ്യാജനിർമിതം ഏത് എന്ന് എങ്ങനെ തിരിച്ചറിയാം?'

'ലേബൽ നോക്കി അറിയണം.'

'ഒന്നിന് ഒരു പൈസ വിലയ്ക്ക് ഏതു ലേബലും അച്ചടിച്ച് ദില്ലിയിൽ വിൽക്കുന്നുണ്ടെന്ന് സാർ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. ഏത് ലേബൽ ശരിയായത്, ഏത് വ്യാജനിർമിതം എന്ന് ഞങ്ങൾ എങ്ങനെ മനസ്സിലാക്കാനാണ്?'

എനിക്ക് ഉത്തരമുണ്ടായിരുന്നില്ല.

നിങ്ങൾക്കോ?

(2 നവംബർ, 1986)

# 76. എസ്. എസ്. എൽ. സി. പാസ്സായി, ഇനി എന്ത്?

വിദ്യാഭ്യാസനിലവാരം താഴ്ന്നുതാഴ്ന്നുവരുന്ന തോതിനു പരീക്ഷകളിൽ റാങ്കു നേടുന്ന മിടുക്കികൾക്കും മിടുക്കന്മാർക്കും നമ്മുടെ സമൂഹത്തിൽ നൽകുന്ന പ്രോത്സാഹനം ഉയർന്നുയർന്നു വരുന്നുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷയിൽ റാങ്കു നേടുന്നവരുടെ പടങ്ങളും, അവരുമായി ലേഖകർ നടത്തുന്ന അഭിമുഖസംഭാഷണങ്ങളും മലയാളപത്രങ്ങൾ വളരെയധികം പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്നു. 'നിങ്ങൾക്ക് എന്താവാനാണ് ആഗ്രഹം?' എന്ന പത്രലേഖകന്റെ സ്ഥിരം ചോദ്യത്തിന് 'ഡോക്ടർ ആവാൻ', അല്ലെങ്കിൽ 'എൻജിനീയർ ആവാൻ', അതുമല്ലെങ്കിൽ 'ഐ. എ. എസ്. ആവാൻ' എന്നൊക്കെ വിദ്യാർത്ഥി സ്ഥിരം മറുപടിനൽകുന്നു.

റാങ്ക് കിട്ടാത്തവർക്കും പ്രോത്സാഹനത്തിനു കുറവില്ല. ഒരു സ്കൂളിൽ, ഒരു വിദ്യാഭ്യാസജില്ലയിൽ, ഒരു മതത്തിൽ, ഒരു സമുദായത്തിൽ—അങ്ങനെ, വേറിട്ടു നിർവചിക്കാവുന്ന ഏതെങ്കിലും ഗ്രൂപ്പിൽ, ഏററവുമധികം മാർക്ക് എസ്. എസ്. എൽ. സി. പരീക്ഷയിൽ നേടിയ കുട്ടികൾക്ക് മെഡലുകളും ക്യാഷ് അവാർഡുകളും നൽകുന്നതിനുള്ള പല യോഗങ്ങളിലും പങ്കെടുക്കാൻ ഈ ആണ്ടിൽ എനിക്ക് അവസരമുണ്ടായി. സ്റ്റേററിലുള്ള മുനിസിപ്പൽ ജീവനക്കാരുടെ മക്കളിൽ ഏററവും

കൂടുതൽ മാർക്ക് എസ്. എസ്. എൽ. സി. പരീക്ഷയിൽ നേടിയ കുട്ടികളെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു യോഗത്തിലും ഞാൻ പങ്കെടുത്തു. എല്ലാം കൊള്ളാം. വിദ്യാഭ്യാസ പ്രോത്സാഹനമാണല്ലോ.

എസ്. എസ് എൽ. സി. പരീക്ഷയിലായാലും, പ്രീഡിഗ്രി പരീക്ഷയിലായാലും ജയിക്കുന്നതു് ഒരു ചെറിയ ശതമാനം വിദ്യാർത്ഥികൾ മാത്രമാണ്. എന്നിട്ടും ജയിച്ചവർക്കു മുഴുവൻ ഉപരിപഠന സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നതിൽ ഇന്ത്യയിൽ പരക്കെ പരാതിയുണ്ടു്. അംഗീകൃത വിദ്യാലയങ്ങളിൽ സ്ഥാനം ലഭിക്കാത്തവർ 'പാരലൽ' സ്ഥാപനങ്ങളിലേക്കു തള്ളിക്കയറുന്നു. ഈ ആണ്ടിൽ ആന്ധ്രപ്രദേശ് ഗവണ്മെൻറ് പ്രീഡിഗ്രി—ഡിഗ്രി— പോസ്റ്റ് ഗ്രാജേറ്ററ് —മെഡിക്കൽ—എൻജിനീയറിങ് തലങ്ങളിൽ ഒരടിക്കു് സീററ് ഇരുപതു ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി. 'ഈ വർദ്ധന, ഭരണപരമായും സാമ്പത്തികമായും പ്രായോഗികവും, നിയമപരമായി സാധൂകരിക്കാവുന്നതുമാണെന്നു ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു' എന്നാണു് ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ശ്രീ രാമറാവു ഇതിനെപ്പററി പറഞ്ഞതു്. ഇതിൻഫലമായി, ആയിരത്തിനു പകരം ആയിരത്തിഇരുന്നൂറു മെഡിക്കൽ വിദ്യാർത്ഥികൾക്കും മൂവായിരത്തിനു പകരം മൂവായിരത്തറുന്നൂറ് എൻജിനീയറിങ് വിദ്യാർത്ഥികൾക്കും ഈ ആണ്ടിൽ ആന്ധ്രപ്രദേശിലെ മെഡിക്കൽ—എൻജിനീയറിങ് കോളേജുകളിൽ പ്രവേശനം ലഭിക്കും. കൂടുതൽ വിദ്യാർത്ഥികൾക്കു് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ മെഡിക്കൽ—എൻജിനീയറിങ് കോളേജുകളിൽ ഇപ്പോൾ ഉണ്ടാക്കിയിട്ടില്ല; ഇനി ഉണ്ടാക്കുമായിരിക്കാം. പ്രീഡിഗ്രി (ആന്ധ്രപ്രദേശിൽ ഇതു് ഇൻറർമീഡിയററ് ആണു്)—ഡിഗ്രി—പോസ്റ്റ്ഗ്രാജേററ് തലങ്ങളിൽ കൃത്യമായി എത്ര സീററുകൾ വീതമാണു വർദ്ധിക്കുക എന്നു പത്രങ്ങളിൽ കാണുകയുണ്ടായില്ല. അവിടെയും അധികസൗകര്യം ഉണ്ടാക്കുന്ന കാര്യം ഇനിയങ്ങോട്ടു് ആലോചിക്കേണ്ടിയിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസം സാർവത്രികമാക്കണമെന്നു് അമേരിക്കയോ, ജപ്പാനോ, സോവിയററ് യൂണിയനോപോലെയുള്ള സമ്പന്നരാജ്യങ്ങൾപോലും കരുതുന്നില്ല. എല്ലാവർക്കും സെക്കൻഡറി വിദ്യാഭ്യാസം, അർഹതയും താല്പര്യവുമുള്ള ഒരു ന്യൂനപക്ഷത്തിനു മാത്രം കോളേജ്—സാങ്കേതിക—വിദ്യാഭ്യാസം, എന്നതാണു് ആ രാജ്യങ്ങളിലെ സ്ഥിതി. ഭാഷ, കണക്കു്, സയൻസ് മാനവികവിഷയങ്ങൾ എന്നിവയിൽ സാമാന്യപരിശീലനത്തോടൊപ്പം, ഏതെങ്കിലുമൊരു തൊഴിലിൽ പരിചയംകൂടി സെക്കൻഡറി വിദ്യാഭ്യാസകാലത്തു് വിദ്യാർത്ഥികൾക്കു് സമ്പന്നരാജ്യങ്ങൾ നൽകുന്നു. അതിനാൽ, എസ്. എസ്. എൽ. സി. പാസ്സാകുമ്പോഴേക്കു്, ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നതിനുള്ള കഴിവു് അവിടങ്ങളിൽ വിദ്യാർത്ഥികൾക്കു കൈവരുന്നു. കൂടുതൽ യുവജനങ്ങളും എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായിക്കഴിയുന്നതോടെ, കോളേജുകളിൽച്ചെന്നു തിക്കിത്തിരക്കാതെ, തങ്ങൾക്കു പററിയ ജോലികൾ തിരഞ്ഞു കണ്ടെത്തുന്നു. എല്ലാവർക്കും എപ്പോഴും ജോലി കിട്ടുമെന്നു് ഉറപ്പുള്ള സോവിയററ് യൂണിയനിൽപ്പോലും സ്ഥിതി ഇതാണു്. ഉയർന്ന വിദ്യാഭ്യാസം സൗജന്യമായിരുന്നിട്ടും, വിദ്യാർത്ഥികളുടെ ചെലവു് സ്റ്റേററ് വഹിക്കുമെന്നിരുന്നിട്ടും, അവിടെ കോളേജ് പ്രവേശനത്തിനു് ചെറിയ ഒരു ന്യൂനപക്ഷം വിദ്യാർത്ഥികൾ മാത്രമേ മുന്നോട്ടുവരുന്നുള്ളു.

ഇതു സംബന്ധിച്ച രസകരമായ ചില വിവരങ്ങൾ ജൂലൈ 2—ലെ 'യൂത്ത്റെവ്യൂ' എന്ന സോവിയററ് വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

സെക്കൻഡറി സ്കൂളിൽ പഠിപ്പ് അവസാനിപ്പിച്ച സർട്ടിഫിക്കററ് നേടിയ സോവിയററ് വിദ്യാർത്ഥികൾ പിന്നീട് എന്തു ചെയ്യണമെന്നാലോചിക്കുന്നതു് ജൂലൈ മാസത്തിലാണ്. 'സ്മേന' എന്ന സോവിയററ് യുവജനമാസിക കഴിഞ്ഞ ആണ്ടിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായ സോവിയററ് വിദ്യാർത്ഥികൾക്കിടയിൽ, അവരുടെ ഭാവിജീവിതപ്രതീക്ഷകളെയും പരിപാടികളെയും സംബന്ധിച്ച്, ഗവേഷണം നടത്തുകയുണ്ടായി. 'സ്മേന'യുടെ ചോദ്യാവലിക്ക് ആയിരത്തിയിരുനൂറു യുവജനങ്ങൾ മറുപടി നൽകി.

എസ്. എസ്. എൽ. സി. പാസ്സായ സോവിയററ് വിദ്യാർത്ഥികളിൽ അമ്പത്തൊമ്പതു ശതമാനം മാത്രമേ പഠിപ്പ തുടരുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുന്നുള്ള എന്ന് ഈ ഗവേഷണത്തിൽനിന്നു മനസ്സിലായി. അവരിൽത്തന്നെ, ഇരുപത്തെട്ടു ശതമാനം വിദ്യാർത്ഥികൾ മാത്രമേ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കഴിഞ്ഞയാണ്ടിൽ പോയി ചേർന്നുള്ള. സോവിയററ് യൂണിയനിൽ കോളേജുകളും സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തുന്ന പ്രവേശനപരീക്ഷകളുടെ നിലവാരം ഈയിടെയായി ഉയർത്തിയിട്ടുണ്ട്. അതിനാലാണ്, ആഗ്രഹിച്ചവർക്ക മുഴുവൻ അവയിൽ പ്രവേശനം ലഭിക്കാത്തതു്. പ്രവേശനപരീക്ഷകളിൽ കിട്ടുന്ന മാർക്ക നോക്കി, 'മെറിററ്' അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുക. പല സ്ഥാപനങ്ങളുടെയും നിശ്ചിത—മിനിമംയോഗ്യത പല തരത്തിലാണ്. കൂടുതൽ ഉയർന്ന നിലവാരമുള്ളവയെന്നു കരുതപ്പെടുന്ന സ്ഥാപനങ്ങളിൽ, ചേർക്കാൻ കഴിയുന്നതിൻെറ നാലോ, അഞ്ചോ ഇരട്ടി വിദ്യാർത്ഥികളിൽനിന്ന് അപേക്ഷകൾ ലഭിക്കുന്നു. മോസ്കോ സർവകലാശാലയിലെ മെഡിക്കൽ—ധനശാസ്ത്ര കോളേജുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. അവിടെ അസാധാരണമായ കഴിവുകളുള്ള വിദ്യാർത്ഥികൾക്ക മാത്രമേ പ്രവേശനം ലഭിക്കൂ. അതേസമയം എൻജിനീയറിങ് പോലെയുള്ള സങ്കേതികവിഷയങ്ങൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ധാരാളമുള്ളതിനാൽ, അപേക്ഷിച്ചവർക്കെല്ലാം അവയിൽ പ്രവേശനം ലഭിക്കുന്നു.

കോളേജുകളിലെ പ്രവേശനപരീക്ഷകളിൽ വേണ്ടത്ര മാർക്ക ലഭിക്കാത്തവരും, പ്രവേശനപരീക്ഷയ്ക്കു പോകാത്തവരും, തങ്ങൾക്ക പററിയ തൊഴിൽ കണ്ടെത്തുന്നു. 'സ്മേന'യുടെ ഗവേഷണത്തിൽ, എസ്. എസ്. എൽ. സി. പാസ്സായവരിൽ എട്ടു ശതമാനം പേർ മാത്രമാണ് നേരിട്ടു തൊഴിലിൽ പ്രവേശിക്കാൻ ആഗ്രഹം പ്രദർശിപ്പിച്ചതു്. എന്നിട്ടും ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം കിട്ടാതെയും, ജോലിക്ക പോകാതെയും അലഞ്ഞുതിരിഞ്ഞു നടന്നവർ തുലോം കുറവായിരുന്നു. സോവിയററ് യൂണിയനിൽ എസ്. എസ്. എൽ. സി. പാസ്സായവർക്ക് തൊഴിൽ കണ്ടെത്താൻ ഒരു വിഷമവുമില്ല. പക്ഷേ, ലഭ്യമായ തൊഴിൽ തങ്ങൾക്ക പററിയതുതന്നെയോ എന്നു നിർണയിക്കുന്നതിൽ വിദ്യാർത്ഥികൾക്ക പ്രയാസം അനുഭവപ്പെടാറുണ്ട്. ജീവിതത്തിൽനിന്ന് തങ്ങൾ ആഗ്രഹിക്കുന്നതെന്തു് എന്നതു സംബന്ധിച്ച് മങ്ങിയ ധാരണകളേ മിക്ക യുവാക്കൾക്കും, സോവിയററ് യൂണിയനിൽപ്പോലുമുള്ള. തൊഴിൽപരിശീലനത്തിൽ സെക്കൻഡറി സ്കൂളുകൾ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് സോവിയററ് സാമൂഹ്യശാസ്ത്രജ്ഞന്മാർ കരുതുന്നു.

സെക്കൻഡറി സ്കൂളുകളിലെ തൊഴിൽ പരിശീലനസമ്പ്രദായം അടിമുടി ഉടച്ചു വാർക്കണമെന്ന് സോവിയററ് കമ്യൂണിസ്റ്റ്പാർട്ടിയുടെ ഇരുപത്തേഴാം കോൺഗ്രസ് ആവശ്യപ്പെടുകയുണ്ടായി. ഓരോ

ഹൈസ്കൂൾ വിദ്യാർത്ഥികൾ പല തൊഴിലുകളിൽ സാമാന്യമായും, ഒരു തൊഴിലിലെങ്കിലും വിസ്തരിച്ചും, പരിശീലനം നൽകുക എന്നതാണു ലക്ഷ്യം. ഈ പരിശീലനത്തിൽ, ഫാക്ടറികളും മററും സ്കൂളുകളോട് സഹകരിക്കുന്നു. സോവിയററ് യൂണിയനിലെ എല്ലാ സ്കൂളുകളിലും പ്രവൃത്തിപരിചയം നിർബന്ധമാക്കാനാണ് ഇപ്പോഴത്തെ യത്നം.

തങ്ങൾ വളർന്നുവന്ന സ്ഥലം വിട്ട് വേറെ എവിടെയെങ്കിലും പോകാനാണ് സോവിയററ് യുവജനങ്ങളിൽ അധികംപേരും ആഗ്രഹിക്കുന്നത്. സെക്കൻഡറി വിദ്യാഭ്യാസം നേടിക്കഴിഞ്ഞ വിദ്യാർത്ഥികളിൽ പകുതിപ്പേരും ആദ്യവർഷത്തിൽത്തന്നെ മററു പ്രദേശങ്ങളിലേക്കു മാറിത്താമസിച്ചതായി കാണപ്പെട്ടു. വലിയ നഗരങ്ങളിൽ വളർന്നുവന്നവർ, മിക്കവാറും, അവിടെത്തന്നെ തുടർന്നു പാർത്തപ്പോൾ, ചെറുനഗരങ്ങളിൽ വളർന്നവരുടെ എഴുപത്താറു ശതമാനവും, സെക്കൻഅറി വിദ്യാഭ്യാസം നേടിക്കഴിഞ്ഞശേഷം, വലിയ നഗരങ്ങളിൽ ജോലി തേടിപ്പോയി. ചെറുനഗരങ്ങളിലും ഗ്രാമങ്ങളിലും വളർന്നവരിൽ ഇരുപതു ശതമാനത്തോളം മാത്രമാണു പിറന്നുവളർന്ന സ്ഥലത്തുതന്നെ ജോലി സ്വീകരിച്ചതു്. ഗ്രാമങ്ങളിൽനിന്നു ചെറുനഗരങ്ങളിലേക്കും, ചെറുനഗരങ്ങളിൽനിന്നു വലിയ നഗരങ്ങളിലേക്കും യുവജനങ്ങളെ ആകർഷിക്കുന്നതു്, കിട്ടാവുന്ന തൊഴിലുകളുടെ വൈവിധ്യവും തിയേററുകൾപോലെയുള്ള വിനോദസൗകര്യങ്ങളുമാകുന്നു.

മക്കളെ ലാളിച്ചു കേടുവരുത്തുന്നതിൽ സോവിയററ് മാതാപിതാക്കൾ മററാരുടെയും പുറകിലല്ല. തൊഴിൽ ചെയ്തു ശമ്പളമോ, പഠിച്ചു സ്കോളർഷിപ്പോ നേടുന്ന യുവജനങ്ങളിൽ പലർക്കും നല്ല തുകകൾ അച്ഛനമ്മമാർ പതിവായി അയച്ചുകൊടുക്കാറുണ്ട്. ഫാഷൻ മാറുന്നതു് അനുസരിച്ചു പുതിയ ഉടുപ്പുകൾ തയിപ്പിക്കാനും, പുസ്തകങ്ങളും സംഗീതറിക്കാർഡുകളും മററും വാങ്ങാനും, വിനോദ—വിശ്രമകേന്ദ്രങ്ങളിൽ പോയി പാർക്കാനും ഒക്കെ ആയി ഈ പണം മക്കൾ ചെലവഴിക്കുന്നു. മുതിന്നവരുടെ ഈ സന്താനസ്നേഹം യുവജനങ്ങളുടെ സ്വാതന്ത്ര്യബോധത്തെയും മാനസികപക്വതയെയും തടസ്സപ്പെടുത്തുന്നു എന്നാണ് സോവിയററ് സാമൂഹ്യശാസ്ത്രജ്ഞരുടെ ആക്ഷേപം.

തങ്ങളുടെ ജീവിതത്തിൽ സോവിയററ് യുവജനങ്ങൾ സന്തുഷ്ടരാണോ? 'അതേ' എന്നു നാല്പത്താറു ശതമാനം യുവാക്കൾ പറഞ്ഞുവത്രേ. 'അല്ല' എന്നു പറഞ്ഞവർ ഇരുപത്തൊന്നു ശതമാനംവരും. സ്വന്തം ജീവിതത്തിൽ സംതൃപ്തിയില്ലാത്തവരിൽ അധികവും പെൺകുട്ടികളാണെന്നതത്രേ ശ്രദ്ധിക്കേണ്ട മററൊരു കാര്യം. 'എന്തുകൊണ്ടു സന്തുഷ്ടരല്ല?' എന്ന ചോദ്യത്തിനുത്തരം, 'കോളേജ് എനിക്ക് ഇഷ്ടപ്പെട്ടിട്ടില്ല', 'ഉദ്ദേശിച്ച സ്ഥലത്തു ഞാൻ എത്തിച്ചേർന്നിട്ടില്ല', 'എനിക്ക് ഒന്നും മനസ്സിലാവുന്നില്ല' എന്നൊക്കെയാണ്. മുപ്പത്തിമൂന്നു ശതമാനം യുവജനങ്ങളും തങ്ങളുടെ ഭാഗധേയത്തിൽ 'ഏറെക്കുറെ' സന്തുഷ്ടരാണ്.

സോവിയററ് യൂണിയനിൽ എസ്. എസ്. എൽ. സി. പാസ്സാവുന്നവരുടെ ഇരുപത്തെട്ടു ശതമാനമേ ഉപരിപഠനത്തിനു പോവുന്നുള്ളു എന്നും, ശേഷിച്ച എഴുപത്തിരണ്ടു ശതമാനംപേരും തൊഴിലുകളിൽ ഏർപ്പെടുന്നു എന്നുമുള്ളതു നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. കോളേജുകളിലേക്കുള്ള ഇന്ത്യൻ യുവജനങ്ങളുടെ തിക്കിക്കയറലിന്റെ അടിയിലുള്ളതു നമ്മുടെ സാമ്പത്തികമായ പിൻനിലയും സാമൂഹ്യരക്ഷാബോധത്തിന്റെ അഭാവവുമാകുന്നു. കോളേജുകളിലേക്കുള്ള യുവജനപ്രവാഹത്തെ പുരോഗതിയുടെ ലക്ഷണമായി കണക്കാക്കുന്നതു ശരിയായിരിക്കുകയില്ല.

(14 സെപ്തംബർ, 1986)